**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1150** **12-06-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജക മണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള ഫിഷറീസ് പദ്ധതികൾ ഏതൊക്കെയെന്നും ആയതിനായി അനുവദിച്ചിട്ടുള്ള തുകയെത്രയാണെന്നും ആയതിന്റെ നിലവിലുള്ള പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ? | (എ) | ജനകീയ മത്സ്യകൃഷി പദ്ധതി, സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതി, പിന്നാമ്പുറ മത്സ്യവിത്തുല്പാദന യൂണിറ്റ്, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) എന്നീ പദ്ധതികളാണ് കുണ്ടറ നിയോജക മണ്ഡലത്തിൽ 2021 - 22, 2022 - 23, 2023 - 24 വർഷങ്ങളിൽ ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കിയിട്ടുള്ളത്. ജനകീയ മത്സ്യകൃഷി, പിന്നാമ്പുറ മത്സ്യവിത്തുല്പാദന യൂണിറ്റ്, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) എന്നീ മത്സ്യകൃഷി പദ്ധതികൾ തുടർന്ന് വരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2021-22 വർഷം അനുവദിച്ച സബ്സിഡി തുക

| ക്രമ നമ്പർ | പദ്ധതി | തുക (രൂപ) |
|---|---|---|
| 1 | സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി | 28,57,194 |
| 2 | പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) | 9,77,956 |
| | ആകെ | 38,35,150 |

2022-23 വർഷം അനുവദിച്ച സബ്സിഡി തുക

| ക്രമ നമ്പർ | പദ്ധതി | തുക (രൂപ) |
|---|---|---|
| 1 | സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി | 17,59,505 |
| 2 | പിന്നാമ്പുറ മത്സ്യവിത്തുല്പാദന യൂണിറ്റ്, | 2,40,000 |
| 3 | പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന(PMMSY) | 0 |
| | ആകെ | 19,99,505 |

2023-24 വർഷം അനുവദിച്ച സബ്സിഡി തുക

| ക്രമ നമ്പർ | പദ്ധതി | തുക (രൂപ) |
|---|---|---|
| 1 | ജനകീയ മത്സ്യകൃഷി | 36,73,792 |
| 2 | പിന്നാമ്പുറ മത്സ്യവിത്തുല്പാദന യൂണിറ്റ്, | 1,76,280 |
| 3 | പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) | 2,36,000 |
| | ആകെ | 40,86,072 |

**സാഫ്**

<u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം</u> :

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാൻറ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിയുടെ 20 ശതമാനമായ ബാങ്ക് ലോൺ കേരള ബാങ്ക് മുഖേന യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നു. ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിന് പരിശീലനം നൽകുന്നു. സംരംഭം ആരംഭിക്കുന്നതിന് രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സംരംഭം ആരംഭിക്കുന്നതിന് സ്ഥിരാസ്ഥികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ടി പദ്ധതിയുടെ സുസ്ഥിര നിലനിൽപ്പിനായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, കപ്പാസിറ്റി ബിൽഡിങ്ങ് പ്രോഗ്രാം, ടെക്നോളജി ഇംപ്രൂവ്മെൻറ്, പലിശ സബ്സിഡി, ബ്രാൻറിംഗ് & മാർക്കറ്റിങ്ങ് എന്നീ ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുണ്ടറ നിയോജക മണ്ഡലത്തിന്റെ കീഴിൽ പേരയം, പെരിനാട്, കുണ്ടറ എന്നീ പഞ്ചായത്തുകളിൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു. പ്രൊവിഷൻ സ്റ്റോർ, ബേക്കറിയൂണിറ്റ്, ടെയിലറിംഗ് ആന്റ് ഗാർമെൻറ്സ് യൂണിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, ഫിഷ് പ്രൊസസിംഗ് യൂണിറ്റ്, കമ്പ്യൂട്ടർ സെൻറർ, ഐ.ടിസെന്റർ എന്നിങ്ങനെ വരുമാനമുണ്ടാക്കുന്ന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

<u>ഡിഎംഇ പദ്ധതി</u>

| നം. | ആക്ടിവിറ്റി | ഗ്രൂപ്പുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | ഫിഷ് & ഫിഷ് പ്രൊസസിംഗ് | 2 | 4 | 4,00,000/- |
| 2 | പ്രൊവിഷൻ സ്റ്റോർ | 4 | 9 | 7,78,000/- |
| 3 | കമ്പ്യൂട്ടർ സെന്റർ | 2 | 4 | 4,00,000/- |
| 4 | ബ്യൂട്ടി പാർലർ | 1 | 2 | 2,00,000/- |
| 5 | ഫ്ലോർ മിൽ | 1 | 3 | 3,00,000/- |
| 6 | ഫിഷ് സ്റ്റാൾ | 1 | 3 | 1,49,400/- |
| | ആകെ | 11 | 25 | 22,27,400/- |

<u>റിവോൾവിംഗ് ഫണ്ട്</u>

| നം. | ആക്ടിവിറ്റി | ഗ്രൂപ്പുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | ടെയിലറിംഗ് & ഗാർമെന്റ്സ് | 27 | 83 | 13,44,994/- |
| 2 | പ്രൊവിഷൻ സ്റ്റോർ | 3 | 6 | 75,000/- |
| 3 | തീരമാവേലി | 1 | 2 | 40,000/- |
| 4 | കാറ്ററിംഗ് | 1 | 3 | 50,000/- |
| 5 | ഫിഷ് സ്റ്റാൾ | 2 | 4 | 50,000/- |
| 6 | കമ്പ്യൂട്ടർ സെന്റർ | 1 | 2 | 25,000/- |
| | ആകെ | 35 | 100 | 15,84,994/- |

<u>ടെക്നോളജി അപ്ഗ്രഡേഷൻ, കുണ്ടറ</u>

| നം. | ആക്ടിവിറ്റി | ഗ്രൂപ്പുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | ടെയിലറിംഗ് & ഗാർമെന്റ്സ് | 2 | 4 | 54,325/- |
| 2 | തീരമാവേലി | 1 | 2 | 15,760/- |
| 3 | പ്രൊവിഷൻ സ്റ്റോർ | 1 | 2 | 30,338 |
| | ആകെ | 4 | 8 | 1,00,423/- |

<u>ഗ്രാജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ്</u>

| നം. | ആക്ടിവിറ്റി | ഗ്രൂപ്പുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | ടെയിലറിംഗ് & ഗാർമെന്റ്സ് | 3 | 6 | 13,557/- |
| 2 | പ്രൊവിഷൻ സ്റ്റോർ | 3 | 6 | 7,246/- |
| 3 | തീരമാവേലി | 1 | 2 | 1,495/- |
| | ആകെ | 7 | 14 | 22,298/- |

കൂടാതെ 5 പേരടങ്ങുന്ന ഒരു റസ്റ്റോറന്റ് & ഹോം സ്റ്റേ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിലവിലെ പ്രവർത്തന പുരോഗതി

നിലവിൽ കുണ്ടറ നിയോജക മണ്ഡലത്തിൽ 3 ഗ്രാമപഞ്ചായത്തുകളിലായി ടെയിലറിംഗ് & ഗാർമെൻറ്സ് കാറ്റഗറിയിൽ ഉൾപ്പെടുന്ന 11 യൂണിറ്റുകളും സൂപ്പർമാർക്കറ്റ് കാറ്റഗറിയിൽ ഉൾപ്പെടുന്ന 10 യൂണിറ്റുകളും ഫിഷ് & ഫിഷ് പ്രൊസസിംഗ് കാറ്റഗറിയിൽ ഉൾപ്പെടുന്ന 3 യൂണിറ്റുകളും ഫുഡ്& ഫുഡ് പ്രൊസസിംഗ് ഉൾപ്പെടുന്ന 2 യൂണിറ്റുകളും സർവീസ് & അതേഴ്സ് കാറ്റഗറിയിൽ ഉൾപ്പെടുന്ന 3 യൂണിറ്റുകളും സാഫ് തീരമൈത്രി പദ്ധതിയുടെ ഭാഗമായി നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു.

കേരള സ്റ്റേറ്റ് കോസ്റ്റൽ കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSCADC)

കുണ്ടറ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ആലുംമൂട് മത്സ്യ മാർക്കറ്റ് നിർമ്മാണം | 148.89 | കിഫ്ബി ധനസഹായത്തോടെ 08.02.2022 ൽ പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമായി. പഞ്ചായത്ത് അധികൃതരുമായി 07.05.2024-ൽ സ്ഥലം സന്ദർശിക്കുകയും ആയത് അനുസരിച്ച് സാങ്കേതികാനുമതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള ഡിസൈൻ ചെയ്തു വരുന്നു. |

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

2021–22 കാലഘട്ടത്തിൽ പ്രവൃത്തികൾക്കായി ഭരണാനുമതി ഒന്നും തന്നെ ലഭ്യമായിട്ടില്ല.

തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2022–23 കാലഘട്ടത്തിൽ കുണ്ടറ നിയോജക മണ്ഡലത്തിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ ഗുരുമന്ദിരം മുതൽ പിള്ളവീട് ഏലാ വരെയും, ഇന്തിളയപ്പൻ ക്ഷേത്രം മുതൽ അത്തിപ്പറമ്പ് കളരി വരെയുമുള്ള റോഡിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

<u>മത്സ്യഫെഡ്</u>

**<u>ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി. / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ</u>**

<u>(എ) മൈക്രോ ഫിനാൻസ് വായ്പ</u>

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി. യുടെയും എൻ.എം.ഡി.എഫ്.സി. യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു. ഒരാൾക്ക് പരമാവധി 60,000/– രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു.

<u>(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി</u>

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തുവരുന്നു. ആദ്യ വായ്പ 10,000/– രൂപ ഒരു വർഷക്കാലാവധിയിൽ തിരിച്ചടക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20,000/– രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശരഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ച നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

3. സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി

ഭരണ സമിതിയുള്ളതും പ്രവർത്തനക്ഷമത കുറഞ്ഞതുമായ സംഘങ്ങൾക്ക് വരുമാനം ഉറപ്പാക്കുന്നതിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി രൂപീകരിച്ച പ്രത്യേക ശാക്തീകരണ പദ്ധതിയാണിത്. മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും വായ്പ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്

<u>അനുവദിച്ച തുകയുടെ വിവരങ്ങൾ</u>

(തുക ലക്ഷത്തിൽ)

| ക്രമ നം. | പദ്ധതിയുടെ പേര് | | | | |
|---|---|---|---|---|---|
| | | 2021-22 | 2022-23 | 2023-24 | 2024-25 |
| 1 | എൻ.ബി.സി.എഫ്.ഡി.സി./ എൻ.എം.ഡി.എഫ്.സി. ധനസഹായത്തോട്ടുകൂടിയുള്ള മൈക്രോഫിനാൻസ് | -- | 9.00 | 17.10 | --- |
| 2 | മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിനായുള്ള പലിശ രഹിത വായ്പാ പദ്ധതി | -- | 3.50 | -- | -- |
| 3 | സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി | -- | 2.00 | --- | --- |

<u>പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി</u>

- ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) യുടെ ധനസഹായത്തോടെയുള്ള മൈക്രോഫിനാൻസ് വായ്പാ പദ്ധതി 100% തിരിച്ചടവ്

- മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിനായി നൽകി വരുന്ന പലിശ രഹിത വായ്പാ പദ്ധതി 100% തിരിച്ചടവ്

- സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി 100% തിരിച്ചടവ്